## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **643** — 11.06.2014-ൽ മറുപടിക്ക്

### എൻ.ആർ.എച്ച്.എം. പദ്ധതി നിർവ്വഹണത്തിന്റെ ആഡിറ്റിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പ് എൻ.ആർ. എച്ച്.എം. മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) നാഷണൽ ഹെൽത്ത് മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1 ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക<br>2 ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും<br>3 ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ<br>4 മാതൃ ആരോഗ്യ പദ്ധതി<br>5 ജനനി സുരക്ഷാ യോജന<br>6 മാതൃമരണ ആഡിറ്റ് നടപ്പാക്കുക<br>7 ജനനി ശിശു സുരക്ഷാ കാര്യക്രമം<br>8 നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം<br>9 ശിശു ആരോഗ്യ പദ്ധതി<br>10 വിദ്യാലയ ആരോഗ്യ പദ്ധതി<br>11 രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം<br>12 ഇമ്മ്യൂണൈസേഷൻ<br>13 കുടുംബക്ഷേമ പദ്ധതി<br>14 കൗമാര ആരോഗ്യ പദ്ധതി<br>15 നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി<br>16 ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി<br>17 പി.എൻ.ഡി.ടി ആക്ട് നടപ്പാക്കുക<br>18 ആരോഗ്യ പരിശീലനം<br>19 ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം<br>20 അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി |

(.....2)

21 ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

22 ആയുഷ് പദ്ധതി

23 ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

24 പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

25 ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)

26 റേഡിയോ ഹെൽത്ത്

27 ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി

28 അയഡിൻ കുറവു മൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി

29 സംയോജിത രോഗ അവലോകന പദ്ധതി

30 ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി

31 ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

32 ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പദ്ധതി

(ബി) പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥർ ആരെല്ലാമാണ് ; ഇവരുടെ ഭാഗത്തുനിന്നും വീഴ്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) സ്റ്റേറ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി, ഡിസ്ട്രിക്ട് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാന തലത്തിൽ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥർ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ. ഇവരുടെ ഭാഗത്തു നിന്നും വീഴ്ചകൾ റിപ്പോർട്ട് ചെയ്തിട്ടില്ല .

(സി) പദ്ധതികളുടെ വിശദമായ ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകളെക്കുറിച്ച് വിശദവിവരം നൽകാമോ ;

(സി) പദ്ധതികളുടെയെല്ലാം 2012-13 വരെയുള്ള കൺകറന്റ് ആഡിറ്റും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റും കഴിഞ്ഞു. പൊതു മേഖലാ സ്ഥാപനങ്ങളുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസം, ജില്ലകളുമായുള്ള അക്കൗണ്ട്സ് റീകൺസിലേഷനിലെ അപാകതകൾ എന്നിവയാണ് പ്രധാനമായും ചൂണ്ടികാണിച്ചിട്ടുള്ളത്.

(ഡി) അക്കൗണ്ടന്റ് ജനറൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ ; അതു സംബന്ധിച്ച് എന്തെങ്കിലും ഒബ്ജക്ഷൻ ഉന്നയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

(ഡി) 01.04.2011 മുതൽ 31.03.2013 വരെയുള്ള കണക്കു കൾ പരിശോധിച്ച അക്കൗണ്ടന്റ് ജനറൽ കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികൾ മുഴുവനും നടപ്പി ലാക്കാൻ സാധിക്കാത്തതും പദ്ധതി നിർവ്വഹണ ത്തിന് വന്നിട്ടുള്ള കാലതാമസവും പ്രധാനമായും ചൂണ്ടികാണിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ